**കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രി മ്യാന്മാര് സന്ദര്ശിക്കുന്നു (ആഗസ്ത് 22, 2016)**

ആഗസ്ത് 18, 2016

കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രി ശ്രീമതി സുഷമ സ്വരാജ് റിപ്പബ്ലിക് ഓഫ് യൂണിയന് ഓഫ് മ്യാന്മാര് ആഗസ്ത് 22, 2016 നു സന്ദര്ശിക്കുന്നു. ഡോ ഓംഗ് സാംഗ് സൂകി നേതൃത്വം കൊടുക്കുന്ന പുതിയ നാഷണല് ലീഗ് ഫോര് ഡെമോക്രസി ഗവണ്മെന്റ്അധികാരത്തില് എത്തിയതിന് ശേഷം ഇന്ത്യക്കും മ്യാന്മാ റിനും ഇടയില് നടക്കുന്ന ആദ്യത്തെ പ്രധാന രാഷ്ട്രീയ വിനിമയം ആകുമിത് . വിദേശകാര്യസെക്രട്ടറി, വിദേശകാര്യ മന്ത്രാലയത്തിലെ മറ്റ് ഉദ്യോഗസ്ഥര് എന്നിവര് കേന്ദ്ര വിദേശകാര്യമന്ത്രിയെ അനുഗമിക്കും.

സന്ദര്ശനത്തിന്റെ ഭാഗമായി റിപ്പബ്ലിക് ഓഫ് യൂണിയൻ ഓഫ് മ്യാന്മാർ പ്രസിഡണ്ട് ഹിസ് എക്സലന്സി യു ടിന് യായുമായി കേന്ദ്ര വിദേശകാര്യമന്ത്രി കൂടിക്കാഴ്ച നടത്തുകയും മ്യാന്മാര് വിദേശകാര്യമന്ത്രിയും സ്റ്റേറ്റ് കൌണ്സിലറുമായ ഡോ ഓംഗ് സാംഗ് സൂകിയുമായി ചര്ച്ചകള് നടത്തുകയും ചെയ്യും. സമ്പന്നമായ ഉഭയകക്ഷി ബന്ധങ്ങളുടെ ഉള്ളടക്കം, അതേ പോലെ ഇന്ത്യയില് നടക്കുവാനിരിക്കുന്ന ബ്രിക്സ്-ബിംസ്ടെക് ഔട്ട് റീച്ച് ഉച്ചകോടിക്കുള്ള ആസൂത്രണങ്ങള്, ആഗസ്ത് 09, 2016 ല് ന്യൂഡെല്ഹിയില് നടന്ന വിദേശകാര്യ കാര്യാലയ ചര്ച്ചയില് നടന്ന സമഗ്രമായ ചര്ച്ചകളെയും കേന്ദ്രീകരിച്ചാകും ചര്ച്ചകള് എന്നു പ്രതീക്ഷിക്കുന്നു .

കൃഷി, ഐടി, മനുഷ്യവിഭവ വികസനം , അടിസ്ഥാന സൌകര്യ വികസനം , സംസ്കാരം തുടങ്ങിയ മേഖലകളില് ശക്തിമത്തായ സഹകരണ പദ്ധതികള് അടക്കം വളരെ അടുപ്പമുള്ള ബന്ധങ്ങള് ആണ് ഇന്ത്യയും മ്യാന്മാറും പങ്ക് വയ്ക്കുന്നത് . മ്യാന്മാറിലെ പുതിയ ഗവണ്മെന്റ് മുന്ഗണന കൊടുക്കപ്പെട്ടിട്ടുള്ള മേഖലകളില് മ്യാന്മാറുമായിട്ടുള്ള ഇന്ത്യയുടെ പങ്കാളിത്തത്തില് ഇന്ത്യയുടെ ശക്തമായ പ്രതിബദ്ധത ആണ് ഈ സന്ദര്ശനത്തിലൂടെ വീണ്ടും ഉറപ്പിക്കുന്നത്

ന്യൂഡെല്ഹി
ആഗസ്ത് 18, 2016